പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.292 27.02.2017 - ൽ മറുപടിയ്ക്ക്

## ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ ജില്ലാ ആശുപത്രികളിലുൾപ്പെടെ ലഭ്യമല്ലെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്ക് വിവിധതരം മരുന്നുകളാണ് ആരോഗ്യവകുപ്പിനു കീഴിലുള്ള ആശുപത്രികളിലൂടെ നൽകി വരുന്നത്. ഒരേ രോഗത്തിനും വിവിധ തരത്തിലുള്ള മരുന്ന് ലഭ്യമായിരുന്ന ആശുപത്രികളിൽ ചില മരുന്നുകൾക്ക് ഏതാനും ചില ജില്ലകളിൽ ദൗർലഭ്യം ഉണ്ടായിരുന്നെങ്കിലും പൂർണ്ണമായി ഇവ ലഭ്യമാകുന്നില്ല എന്ന വാർത്ത വസ്തുതാവിരുദ്ധമാണ്. ഇൻഡന്റ് ചെയ്യുന്നതിനേക്കാളും കൂടുതൽ രോഗികൾ ആശുപത്രിയിൽ എത്തുമ്പോൾ ചില മരുന്നുകൾ പെട്ടെന്ന് ഉപയോഗിക്കപ്പെടുകയും ക്ഷാമത്തിന് കാരണമാകുകയും ചെയ്യുന്നുണ്ട്. അതുപോലെ ഇൻഡന്റ് ചെയ്യുതിനേക്കാൾ കുറവ് മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് ലഭിച്ചാലും മരുന്ന് ക്ഷാമത്തിന് ഇടയാകാറുണ്ട്. ഓരോ ജില്ലയിലേയും മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് ആരോഗ്യവകുപ്പ് നേരിട്ട് വിലയിരുത്തി ഈ വിഷയത്തിൽ പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കുന്ന രോഗികൾ അവിടെനിന്നുള്ള ഡോക്ടറുടെ കുറിപ്പടിയുമായി സർക്കാർ സ്ഥാപനങ്ങളിൽ വരുകയും ആ മരുന്നുകൾ തന്നെ ആവശ്യപ്പെടുന്നതുമായ സാഹചര്യങ്ങൾ ഉണ്ട്. പകരം കൊടുക്കാവുന്ന മരുന്നുകൾ ഉണ്ടെങ്കിൽ പോലും രോഗികൾ അത് വാങ്ങുന്നതിന് തയ്യാറാകാത്ത സാഹചര്യം ഉണ്ട്. ഇതും മരുന്നില്ല എന്ന രീതിയിൽ റിപ്പോർട്ട് ചെയ്യുന്നു. |

(ബി) വാർത്ത ശരിയെങ്കിൽ ജീവൻ രക്ഷാ മരുന്നുകൾ അടിയന്തിരമായി ആശുപത്രികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) ജീവൻ രക്ഷാ മരുന്നുകളായി മുദ്രണം ചെയ്ത മരുന്നുകൾക്ക് ക്ഷാമമുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എല്ലാ സർക്കാർ ആശുപത്രികളിലും ജീവൻ രക്ഷാ മരുന്നുകൾ തടസ്സരഹിതമായി സ്റ്റോക്ക് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും മറിച്ചുള്ള ഒരു അനുഭവം ഇതുവരെ ജില്ലകളിൽ നിന്ന് ലഭിച്ചിട്ടില്ലാത്തതുമാണ്.

(സി) ഇത്തരം വീഴ്ച സംഭവിക്കുവാനിടയായ സാഹചര്യം പരിശോധിച്ച് വരും കാലങ്ങളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി) ഇൻഡന്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് എല്ലാ ജില്ലകൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. രോഗികളുടെ എണ്ണത്തിന് ആനുപാതികമായ മരുന്നുകൾ ഇൻഡന്റ് ചെയ്തില്ലെങ്കിൽ വിതരമത്തിൽ കുറവ് ഉണ്ടാകുകയും ക്ഷാമത്തിന് കാരണമാകുകയും ചെയ്യുന്നു. അതുപോലെ ഇൻഡന്റ് ചെയ്ത മരുന്നുകൾ യഥാസമയം അതേ അനുപാതത്തിൽ വിതരണം ചെയ്യാതിരുന്നാലും മരുന്ന് ക്ഷാമം ഉണ്ടാകാവുന്നതുമാണ്. ഇത് പരിഹരിക്കുന്നതിനുള്ള കരുതൽ നടപടികൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി കൂടിയോലോചിച്ച് നടപ്പിലാക്കി വരുന്നു. ഉപയോഗം കുറവുള്ള സ്ഥലത്തു നിന്നും ദൗർലഭ്യമുള്ള സ്ഥലങ്ങളിലേക്ക് മരുന്നുകൾ പുനർവിതരണം ചെയ്യുന്നതിലൂടെയും മറ്റ് തനത് ഫണ്ടുകൾ ഉപയോഗിച്ച് മരുന്നുകൾ വാങ്ങുന്നതിലൂടെയും ഇത് ഏറെക്കുറെ പരിഹരിക്കാവുന്നതാണ്. ഇതിനുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ